# Athmaraksha.org

മാതാവിന്റെ പ്രത്യക്ഷീകരണങ്ങൾ

## വേളാങ്കണ്ണി



കിഴക്കിന്റെ ലൂർദ്ദ് എന്ന് വിളിക്കപ്പെടുന്ന തീർത്ഥാനനകേന്ദ്രമാണ് വേളാങ്കണ്ണി.തമിഴ്നാട്ടിലെ തഞ്ചാവൂർ ജില്ലയിൽ ബംഗാൾ ഉൾക്കടലിന്റെ തീരത്തു സ്ഥിതിചെയ്യുന്ന ഈ ബസിലിക്ക ' ആരോഗ്യമാതാവ് എന്നറിയപ്പെടുന്ന കന്യകാമറിയത്തിന്റെ പ്രഭാവം കുടികൊള്ളുന്ന ദേവാലയമാണ്.നാഗപട്ടണത്തുനിന്നും 8 കിലോമീറ്റർ അകലെയാണിത്.

16-17 നൂറ്റാണ്ടുകളിലാണ് ഈ തീർത്ഥാടന കേന്ദ്രത്തിന്റെ ഉത്ഭവം.ഒരു ആട്ടിടയ ബാലനും മുടന്തനായ ബാലനും ഉണ്ടായ മരിയൻ ദർശനങ്ങളാണ് ഇതിന് പിന്നിലുള്ളത്.ഉച്ചസമയത്ത് ആട്ടുടമയുടെ ഭവനത്തിലേക്ക പാലുമായി പോയ ബാലനോട് സുന്ദരിയായ സ്ത്രീ തന്റെ കുഞ്ഞിന് പാൽ ചോദിക്കുകയും ബാലൻ പാൽ കൊടുക്കുകയും ചെയ്തിട്ട് വീട്ടിലെത്തിയപ്പോൾ കുടം നിറയെ പാൽ കാണപ്പെട്ടു.ബാലനു ദർശനമുണ്ടായ സ്ഥലത്തുള്ള കുളം മാതാക്കുളം എന്നറിയപ്പെടുന്നു.കുളത്തിലെ ജലം ഔഷധജലമായി സംഭരിച്ച് സൂക്ഷിക്കുന്നു.മറ്റൊരിക്കൽ മോര് വിറ്റുനടന്ന മുടന്തനായ ബാലനോട് ഈ സ്ത്രീ സംഭാരം ചോദിച്ചു.സംഭാരം കൊടുത്ത ശേഷം ബാലന്റെ മുടന്തുമാറി.കന്യകയുടെ നിർദേശ പ്രകാരം ബാലൻ സ്ഥലത്തെ ജനപ്രമാണിയെ വിവരമറിയിച്ചു.അദ്ദേഹവും വാർത്തകേട്ടവരുംകൂടി അവിടെയെത്തി ഓലമേഞ്ഞ ദേവാലയം നിർമ്മിക്കുകയാണുണ്ടായത്.സെപ്റ്റംബർ 8-ാം തിയതി അവിടത്തെ തിരുനാളായി തിരഞ്ഞെടുത്തു.മൈലാപ്പൂർ രൂപതയുടെ കീഴിലായിരുന്ന ഈ പള്ളി 1771ൽ സ്വതന്ത്ര ഇടവകയായി.ഇന്ന് തഞ്ചാവൂർ രൂപതയുടെ കീഴിലാണ്.1933-ൽ ഇന്ന് കാണുന്ന പള്ളിയുടെ നിർമ്മാണം പൂർത്തിയായി.ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വേളാങ്കണ്ണിയിലേക്ക് തീർത്ഥാടകർ അനുദിനം എത്തിക്കൊണ്ടിരിക്കുന്നു.മാതൃസംരക്ഷണം ലഭിച്ച് അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും സാക്ഷ്യം വഹിക്കുന്നവർ ധാരാളമാണ്.2004 ഡിസംബർ 24 നുണ്ടായ സുനാമി ദുരന്തത്തിൽ പള്ളയിൽ ദിവ്യബലിയിൽ സംബന്ധിച്ചുകൊണ്ടിരുന്ന ദൈവമക്കൾ എല്ലാവരും അത്ഭുതകരമായി രക്ഷപെട്ടത് ഒരു വലിയ സാക്ഷ്യമാണ്.ഭാരതത്തിൽ ഏറ്റവും കൂടുതൽ മരിയ ഭക്തരെ ആകർഷിച്ചുകൊണ്ടിരിക്കുന്ന മരിയൻ തീർത്ഥാടന കേന്ദ്രമാണ് വേളാങ്കണ്ണി.